(ബി) പി.എൽ.സി. കരാർ ബാധകമാക്കിയിട്ടുള്ള ഈ തൊഴിലാളികൾക്ക് പ്രസ്തുത ഉത്തരവ് ബാധകമല്ല.

(സി) വേതന വർദ്ധനവിനുവേണ്ടി പി.എൽ.സി.യുടെ തീരുമാനത്തിനായി കാത്തിരിക്കുന്നു.

118 (2682) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിലെ ജീവനക്കാരുടെ പണിമുടക്ക്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിലെ ജീവനക്കാർ ഈയിടെ എത്രദിവസം പണിമുടക്കി;

(ബി) പണിമുടക്കിയ ജീവനക്കാരുടെ ഡിമാന്റുകൾ എന്തെല്ലാം;

(സി) പണിമുടക്കുമൂലം കമ്പനിക്ക് എന്തു തുക നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇവരുടെ ഡിമാന്റുകളിൽ ഏതെങ്കിലും അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിലെ ജീവനക്കാർ 37 ദിവസം പണിമുടക്കി.

(ബി) അവരുടെ ഡിമാന്റുകൾ ചുവടെ ചേർക്കുന്നു.

(1) 1992 മുതൽ ഓയിൽ പാമിലെ സ്റ്റാഫ് ജീവനക്കാർക്കും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേതുപോലെ പേ ഇക്വലൈസേഷൻ നടപ്പിലാക്കുക.

(2) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയ കാലോചിത ഗ്രാറ്റുവിറ്റി വർദ്ധനവ് ഓയിൽ പാം ജീവനക്കാർക്കും ബാധകമാക്കുക.

(3) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുക.

(4) വാഹന ലോൺ അനുവദിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും അലവൻസ് ഏർപ്പെടുത്തുക.

(5) ഫീൽഡ് സ്റ്റാഫ്, ഡ്രൈവർ, പ്യൂൺ, മെസഞ്ചർ മുതലായ തസ്തികകൾക്ക് പ്രത്യേക അലവൻസ് ഏർപ്പെടുത്തുക.

(6) സർക്കാരിന്റെ നിലവിലുള്ള പൊതു ഒഴിവു ദിവസങ്ങൾ ഓയിൽ പാം എസ്റ്റേറ്റുകൾക്കു കൂടി ബാധകമാക്കുക.

(7) ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക.

(സി) ഏകദേശം 80 ലക്ഷം രൂപ നഷ്ടം വന്നിട്ടുണ്ട്.

(ഡി) ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, ഇടക്കാലാശ്വാസം നൽകുക തുടങ്ങിയ ചില ഡിമാന്റുകൾ സർക്കാർ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly